## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 മാർച്ച് 14, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

29 (*301) ഭക്ഷ്യവിതരണം ഫലപ്രദമാക്കുന്നതിന് നടപടി

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) നൽകിയ മറുപടിയിൽ, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തിലെ ഉപഭോക്താക്കളെ കണ്ടെത്തുന്നതിന് തയ്യാറാക്കിയ കരട് മുൻഗണനാ പട്ടിക പ്രകാരം റീ റാങ്കിംഗ് നടത്തി 01.06.2017 മുതൽ റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. മുൻഗണനാ പട്ടികയിലെ അപാകതകൾ വിവിധ വകുപ്പുകളുടെ സഹായത്തോടെ പരിഹരിച്ച് അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തി ഏപ്രിൽ മധ്യത്തോടെ പട്ടിക കൃത്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2015-ലെ പി.ഡി.എസ്. കൺട്രോൾ ഓർഡർ പ്രകാരം മുൻഗണനാ പട്ടിക

ക്രമമായ കാലയളവിൽ പുനഃപരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തെ അടിസ്ഥാനപ്പെടുത്തി കേരള റേഷനിംഗ് ഓർഡർ പുതുക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണെന്നും സിവിൽ സപ്ലൈസ് മാന്വൽ പരിഷ്കരിക്കുന്നതിന് റേഷനിംഗ് കൺട്രോളറുടെ അദ്ധ്യക്ഷതയിൽ കമ്മിറ്റി രൂപീകരിക്കുന്നതിനും എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് ആധാർ അധിഷ്ഠിത ബയോമെട്രിക് രീതിയിൽ റേഷൻ വിതരണം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരികയാണെന്നും റേഷൻ കടകൾ വൈവിദ്ധ്യവൽക്കരിക്കുന്നതിനുള്ള നടപടികൾ തുടർന്ന് സ്വീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് പരീക്ഷണാടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് (പൈലറ്റ് പ്രോജക്ട്) നടത്തി റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് പ്രാവർത്തികമാകുന്നതാണ്. ഹരിത കേരളം മിഷന്റെ ഭാഗമായി നെൽകൃഷിയുടെ വിസ്തീർണ്ണം 3 ലക്ഷം ഹെക്ടറിലേയ്ക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും കൃഷിയോഗ്യമായ ഓരോ ബ്ലോക്ക് പഞ്ചായത്തിന്റെയും പരിധിയിലുള്ള ഒരു പഞ്ചായത്തെങ്കിലും സമ്പൂർണ്ണ തരിശുരഹിത പഞ്ചായത്തായി പ്രഖ്യാപിക്കുന്നതിനുള്ള കർമ്മ പരിപാടികൾ തയ്യാറാക്കിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ഗോഡൗണുകളിൽ നിന്ന് റേഷൻ കടകളിലേയ്ക്ക് വിതരണം ചെയ്യുന്ന അരിയുടെ അളവ് കൃത്യമായിരിക്കണമെന്ന് കർശന നിർദ്ദേശം നൽകുകയും അത് ഉറപ്പുവരുത്താനാവശ്യമായ

എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിതരണത്തിനായി തയ്യാറാക്കിയ റേഷൻ കാർഡുകളിൽ 99.14 ശതമാനം വിതരണം ചെയ്തിട്ടുണ്ടെന്നും ഒന്നിലധികം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഒരുമിച്ച് താമസിക്കുന്ന സാഹചര്യമുണ്ടെങ്കിൽ ഉദ്യോഗസ്ഥർ ഫീൽഡ് വിസിറ്റ് നടത്തി സാക്ഷ്യപ്പെടുത്തുന്ന പക്ഷം പ്രത്യേകം റേഷൻ കാർഡുകൾ നൽകുന്നതാണെന്നും മുഴുവൻ മത്സ്യത്തൊഴിലാളികളേയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതാണെന്നും പഞ്ചായത്തുകൾ അടിസ്ഥാന സൗകര്യമൊരുക്കുമെങ്കിൽ പുതിയ മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും അനുവദിക്കുന്നതാണെന്നും ലഭ്യതയുടെ അടിസ്ഥാനത്തിൽ എ.പി.എൽ. കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ നൽകുന്നതാണെന്നും എല്ലാ ആദിവാസി ഊരുകളിലും നേരിട്ട് ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ആതുരാലയങ്ങൾ, അഗതി മന്ദിരങ്ങൾ എന്നിവിടങ്ങളിൽ കൂടുതൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

30 (*302) <u>വർദ്ധിച്ചുവരുന്ന ഇടത് തീവ്രവാദം</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, മാവോയിസ്റ്റുകൾ ഉൾപ്പെടുന്ന ഇടത് തീവ്രവാദ സംഘടനകളുടെ പ്രവർത്തനങ്ങൾ

സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിലെ ആദിവാസി മേഖലകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇത് നേരിടുന്നതിനും നിരീക്ഷിക്കുന്നതിനും ആദിവാസി വിഭാഗങ്ങളുടെ വികസനവും ക്ഷേമവും അവലോകനം ചെയ്യുന്നതിനും മുഖ്യമന്ത്രി ചെയർമാനായി ഉന്നതതല കമ്മിറ്റി (യൂണിഫൈഡ് കമാന്റ്) രൂപീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. മാവോയിസ്റ്റ് ഭീഷണി ഫലപ്രദമായി നേരിടുന്നതിനായി സിവിൽ പോലീസിലേയ്ക്ക് പ്രത്യേക നിയമനത്തിലൂടെ 75 ആദിവാസി യുവതീയുവാക്കളെ പി.എസ്.സി. മുഖേന നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഭീഷണി നിലവിലുള്ള മേഖലകളിലെ പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകി ലോക്കൽ പോലീസുമായി ചേർന്ന് പട്രോളിംഗ് നടത്തി വരുന്നുണ്ട്. വനാതിർത്തിയിലുള്ള പോലീസ് സ്റ്റേഷനുകൾ ശക്തമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭീകരപ്രവർത്തനങ്ങൾ തടയുന്നതിനായി 'തണ്ടർബോൾട്ട്' സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണെന്നും ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ പിന്തിരിപ്പിച്ച് സമൂഹത്തിന്റെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി 'പുനരധിവാസ കീഴടങ്ങൽ പദ്ധതി' (Surrender cum Rehabilitation Policy) സർക്കാർ ആസൂത്രണം ചെയ്തുവരുന്നുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിന് മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള മലപ്പുറം, വയനാട്, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളെ കേന്ദ്ര സർക്കാരിന്റെ

എസ്.ആർ.ഇ.എസ്.-ൽ (Security Related Expenditure Scheme) ഉൾപ്പെടുത്താനുള്ള ശിപാർശ സമർപ്പിച്ചിട്ടുണ്ടെന്നും ആദിവാസി മേഖലയുടെ സമഗ്രമായ പുരോഗതി ലക്ഷ്യംവച്ച് വിവിധ വികസന പദ്ധതികളും ട്രൈബൽ കോളനികളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് ഉദ്യോഗസ്ഥർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും നിലമ്പൂർ വനത്തിലുണ്ടായ മാവോയിസ്റ്റ് മരണം സംബന്ധിച്ച് മജിസ്റ്റേറ്റ്തല അന്വേഷണം നടത്തുന്നതിന് മലപ്പുറം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

31 (*303) <u>പി.എസ്.സി. പരീക്ഷ എഴുതാത്ത ഉദ്യോഗാർത്ഥികളിൽ നിന്നും പിഴ</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, അപേക്ഷ സമർപ്പിച്ച ശേഷം പരീക്ഷ എഴുതാത്ത ഉദ്യോഗാർത്ഥികളിൽനിന്നും പിഴ ഈടാക്കാനോ തുടർ പരീക്ഷകളിൽനിന്നും അവരെ വിലക്കാനോ യാതൊരു നിർദ്ദേശവും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ലെന്ന് സഭയെ അറിയിച്ചു. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യണമെന്ന കർശന നിർദ്ദേശം വകുപ്പുകൾക്ക് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണെന്നും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും മുഖ്യമന്ത്രി

വ്യക്തമാക്കി. കെ.എ.എസ്. നടപ്പാക്കുന്നതിൽ സുതാര്യമായ നടപടികളാണ് സ്വീകരിക്കുന്നതെന്നും റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും ത്രിതല പഞ്ചായത്തുകളിൽ പി.എസ്.സി. മുഖാന്തരം ഡ്രൈവർമാരെ നിയമിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ബിരുദ/ബിരുദാനന്തര കോഴ്സുകളിൽ കാലാനുസൃതമായ മാറ്റങ്ങൾ വന്നതിന്റെ ഫലമായി വിവിധ തസ്തികകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിൽ ഉദ്യോഗാർത്ഥികൾക്ക് ഉണ്ടായിട്ടുള്ള ആശങ്കകൾ ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

32 (*304) <u>സോളാർ കേസിൽ അഴിമതി നിരോധന നിയമപ്രകാരം കേസെടുത്ത് അന്വേഷണം</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, ഭരണ സംവിധാനം ദുരുപയോഗപ്പെടുത്തി ഭരണ തലപ്പത്തുള്ളവർ വൻ തുക കൈപ്പറ്റിയതായും വലിയ തോതിൽ അഴിമതിയും ലൈംഗിക ചൂഷണവും നടത്തിയതായും മുൻ എം.എൽ.എ.-മാർ അടക്കമുള്ളവർ അന്നത്തെ ഭരണ നേതൃത്വത്തിലുള്ളവരെ രക്ഷപ്പെടുത്താൻവേണ്ടി സോളാർ കേസ് ഒത്തുതീർപ്പാക്കാൻ പ്രവർത്തിച്ചതായും അന്വേഷണ കമ്മീഷൻ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ അഴിമതി നിരോധന നിയമമുൾപ്പെടെ വിവിധ നിയമങ്ങൾ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തുന്നതിനായി ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയമിച്ചിട്ടുണ്ടെന്നും

അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പോലീസ് സേനയുടെ അച്ചടക്കം ഉയർത്തിപ്പിടിക്കാനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കാര്യക്ഷമതയുള്ള ഒരു ഏജൻസിയുടെ അന്വേഷണം അനിവാര്യമാണെന്ന് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. കമ്മീഷൻ ശിപാർശയുടെയും സർക്കാരിന് ലഭിച്ച ഉപദേശത്തിന്റെയും അടിസ്ഥാനത്തിൽ പോലീസ്-ജയിൽ വകുപ്പുകളിൽ നടത്തേണ്ട മാറ്റം സംബന്ധിച്ച് പഠിച്ച് സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കാൻ റിട്ട. ജസ്റ്റിസ് ശ്രീ. സി. എൻ. രാമചന്ദ്രൻനായർ അദ്ധ്യക്ഷനായി മൂന്നംഗ സമിതിയെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും സെക്രട്ടേറിയറ്റിന്റെ സുരക്ഷയ്ക്കായി സി.സി.ടി.വി. ദൃശ്യങ്ങൾ സംരക്ഷിക്കുന്നത് സംബന്ധിച്ച കമ്മീഷൻ ശിപാർശ പരിശോധിക്കാനായി ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3123 മുതൽ 3441 വരെയുള്ള ചോദ്യങ്ങളിൽ 46 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)